"ഭരണഭാഷ മാതൃഭാഷ"

P3/1374/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 03.09.2021

**<u>പരിപത്രം</u>**

വിഷയം:- വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -2021-22 -ജീവനി കോളേജ് മെന്റൽ അവെയർനെസ്സ് പ്രോഗ്രാം - സർക്കാർ കോളേജുകളിൽ Psychology Apprentice ഉദ്യോഗാർത്ഥികളെ താല്ക്കാലികമായി നിയോഗി ക്കുന്നത് സംബന്ധിച്ച്

സൂചന :- 1.G.O(Rt)978/2019/H.Edn തീയതി 15.06.2019
2.GO(Rt)1050/2020/HEDN തീയതി 19.08.2020

*********

വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്ങ്ങൾ നേരിടുന്നതിനുമായുള്ള മാർഗനിർദേശങ്ങൾ യഥാസമയം നല്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷം മുതൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജീവനി - കോളേജ് മെന്റൽ അവെയർനെസ്സ് പ്രോഗ്രാം എന്ന പദ്ധതി നടത്തി വരുന്നു . നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിയുടെ തുടർനടത്തിപ്പിനായി താഴേ പറയുന്ന മാർഗരേഖ പ്രകാരമുള്ള നടപടികൾ സർക്കാർ കോളേജ് മേധാവികൾ സ്വീകരിക്കേണ്ടതാണ് .

1. ജീവനി സെന്ററുകളുടെ ചുമതലയുള്ളായി ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ കോർഡിനേറ്ററായി പ്രിൻസിപ്പാൾ നിയമിക്കേണ്ടതാണ് .സൈക്കോളജി ഡിപ്പാർട്ട്മെൻറ് ഉള്ള സർക്കാർ കോളേജുകളിൽ പ്രസ്തുത ഡിപ്പാർട്ട്മെൻറ് ഇതിന് നേതൃത്വവും നൽകേണ്ടതാണ്.
2. കോളേജ് തലത്തിൽ പ്രിൻസിപ്പാൾ ചെയർമാൻ ആയി , പി.ടി.എ പ്രസിഡന്റ് , സമീപപ്രദേശത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ വിദഗ്ധർ, ടീച്ചർ ഇൻ ചാർജ് ഓഫ് ജീവനി , ഓഫീസ് പ്രതിനിധി എന്നിവർ അടങ്ങിയ കമ്മിറ്റി കോളേജ് തലത്തിൽ പുനഃ സ്ഥാപിക്കേണ്ടതാണ് .
3. "ജീവനി സെൻറർ ഫോർ വെൽ ബീയിങ്" എന്ന പേരിൽ കോളേജ് ലൈബ്രറിയോടു ചേർന്ന് ക്രമീകരിച്ചിട്ടുള്ള മുറി ഫർണിച്ചർ മുതലായ അത്യാവശ്യ സൗകര്യങ്ങളോട് കൂടി പ്രസ്തുത ആവശ്യത്തിനായി ഒരുക്കേണ്ടതാണ്.
4. 2021-22 സാമ്പത്തിക വർഷം കോളേജുകളിലെ പ്രസ്തുത സെന്ററുകളിൽ സൈക്കോളജി ബിരുദാനന്തര ബിരുദധാരികളെ പ്രതിമാസം Rs.17,600 /-(രൂപ പതിനേഴായിരത്തി അറുന്നൂറ് മാത്രം ) നിരക്കിൽ 2022 മാർച്ച് 31 വരെ അപ്രന്റീസ്ഷിപ്പിൽ നിയോഗിക്കാവുന്നതാണ് .
5. കോളേജ് പ്രിൻസിപ്പാൾ , സബ്ജെക്ട് എക്സ്പേർട്ട് , ജീവനി കോളേജ് കോഓർഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന അഭിമുഖ പാനൽ രൂപീകരിച്ച് ഓൺലൈൻ മുഖേന അഭിമുഖം (via wide publicity ) നടത്തി സൈക്കോളജി അപ്രന്റീസിനെ പ്രതിമാസം Rs.17,600 /- (രൂപ പതിനേഴായിരത്തി അറുന്നൂറ് മാത്രം ) നിരക്കിൽ ഒരു കോളേജിൽ ഒരാൾ എന്ന വിധത്തിൽ താല്ക്കാലികമായി നിയോഗിച്ച് അപ്രന്റീസുമാരുടെ പേര് വിവരങ്ങൾ ജീവനി പദ്ധതിയുടെ സ്റ്റേറ്റ് കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ആയത് ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതുമാണ് .
6. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ള (MA/MSc) ഉദ്യോഗാർത്ഥികളെ മാത്രമേ അപ്രന്റീസ് ആയി പരിഗണിക്കുവാൻ പാടുള്ളൂ. ക്ലിനിക്കൽ സൈക്കോളജി, പ്രവർത്തി പരിചയം

തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കാവുന്നതാണ്.

7. കോവിഡ് 19 നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ സർക്കാർ കോളേജുകൾ പൂർണ്ണമായും തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സൈക്കോളജി അപ്രന്റീസുമാർ കോളേജുകളിൽ ഹാജരായി വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖാന്തിരം കൗൺസലിംഗ് സേവനം നൽകേണ്ടതാണ് . ആയത് കോളേജുകളിലെ ജീവനി പദ്ധതിയുടെ ചുമതലയുള്ള അധ്യാപകൻ/ അദ്ധ്യാപിക ഉറപ്പ് വരുത്തേണ്ടതുമാണ് .
8. ഇന്റർവ്യൂ നടപടികൾ 2021 സെപ്റ്റംബർ 20 -നകം പൂർത്തീകരിച്ച് സൈക്കോളജി അപ്രന്റീസ്മാരെ കോളേജുകളിൽ നിയോഗിക്കുന്ന തീയതി മുതൽ 2022 മാർച്ച് 31 വരെ ആയിരിക്കും ഇവരുടെ സേവന കാലാവധി. 200 രൂപയുടെ മുദ്രപത്രത്തിൽ വ്യവസ്ഥാപിത കരാർ ഒപ്പു വെച്ചതിന് ശേഷം മാത്രമേ അപ്രന്റീസിനെ നിയോഗിക്കുവാൻ പാടുള്ളു.
9. 2202-03-103-51- Student Support Welfare & Outreach എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് സൈക്കോളജി അപ്രന്റീസിനായുള്ള വേതനം അനുവദിക്കുന്നതാണ്.

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 03.09.2021
Reason: Approved

*ഒപ്പ്/-*
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ഗവ കോളേജ് പ്രിൻസിപ്പാൾമാർ (എല്ലാ സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിങ്, സംഗീത , ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ )
2.പ്രിൻസിപ്പാൾ, ഗവ വിമൻസ് കോളേജ് തിരുവനന്തപുരം,(ജീവനി- സ്റ്റേറ്റ് നോഡൽ ഓഫീസ് )
2.ഡോ. കലാറാണി കെ.എസ് അസിസ്റ്റൻറ് പ്രൊഫസർ , സൈക്കോളജി, ഗവ വിമൻസ് കോളേജ് തിരുവനന്തപുരം (സ്റ്റേറ്റ് കോർഡിനേറ്റർ , ജീവനി )
3.നടപ്പ് ഫയൽ /കരുതൽ ഫയൽ